## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7107 11-07-2014-ൽ മറുപടിയ്ക്ക്

## സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ ദിവസവേതനക്കാർ

| ചോദ്യം<br>ശ്രീ.കെ.അജിത് : | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) പ്രൊഫഷണൽ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനം പറ്റിക്കൊണ്ട് ജോലി ചെയ്യുവാൻ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) വിവരം ശേഖരിച്ച് വരുന്നു. |
| ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ ജോലി ചെയ്തു എന്നും ജോലി ചെയ്യുന്ന അവസരത്തിൽ ഇവരിലാരെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ചേർന്നിട്ടുണ്ടോയെന്നു, ഉണ്ടെങ്കിൽ ഇവർ ആരൊക്കെയെന്നും ഏതു തസ്തികയിലാണ് ജോലി ചെയ്തിരുന്നതെന്നും ഏതു സമയത്താണ് പഠനം നടത്തിയിരുന്നതെന്നും വെളിപ്പെടുത്തുമോ; | ബി) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ നാളിതുവരെ ദിവസവേതനാടിസ്ഥാനത്തിൽ 12 പേർ വിവിധ തസ്തികകളിൽ ആവശ്യാനുസരണം നിയമിക്കപ്പെട്ടിട്ടുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകൾക്കായി ഇവരിൽ ആർക്കും അനുവാദം കൊടുക്കുകയോ, തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ചേർന്നിട്ടുള്ള വിവരം ഇവർ ആരും സ്ഥാപനത്തെ അറിയിക്കുകയോ ചെയ്തിട്ടില്ല. |
| സി) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി | സി) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ ആവശ്യാനുസരണം ദിവസവേതനാടിസ്ഥാനത്തിൽ ജോലി |

| | |
|---|---|
| ചെയ്തിരുന്നവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ? | ചെയ്തിരുന്ന 12 പേരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മുരുകൻ.സി<br>2. സുമീഷ്.എസ്.എസ്<br>3. ശ്രീലക്ഷ്മി.എസ്.എസ്<br>4. അദീലാ മുഹമ്മദ്<br>5. സജീവ്<br>6. അഖില വി.ജെ.കുമാർ<br>7. അബ്ദുൾനാസ്സർ മണ്ണിൽ<br>8. ഗോപിനായർ.കെ<br>9. മുഹമ്മദ് അനസ്സ്<br>10. ഷിഫാബീവി<br>11. വിജുമോൻ<br>12. മുനീർ ടി.ജെ<br>മേൽ പറഞ്ഞിരിക്കുന്നവരിൽ ശ്രീലക്ഷ്മി. എസ്. എസ്, അദീലാ മുഹമ്മദ്, സജീവ്, ഷിഫാബീവി എന്നിവർ ഒഴികെയുള്ളവർ ഇപ്പോഴും ഇവിടെ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ